# കാർഷിക കാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ala-AAS 63/2025 ആയില്യം *ഞാറ്റുവേല* തീയതി: 08.08.2025 കർക്കിടകം 23**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (03/08/25- 08/08/25) | കാലാവസ്ഥ പ്രവചനം (09/08/25-13/08/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 23 ഡിഗ്രി സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 89 -നും 96 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 6 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 25.6 മില്ലി മീറ്റർ മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ അടുത്ത അഞ്ചു ദിവസം നേരിയതോ സാമാന്യം ശക്തിയായതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്. പരമാവധി താപനില 34.0$^{0}$C ഉം കുറഞ്ഞ താപനില 23.0$^{0}$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 89% നും 96% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3.0 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. ആകാശം മേഘാവൃതമായിരിക്കും. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വെള്ളക്കെട്ടു മൂലം വേരുകൾക്ക് ക്ഷതം നേരിട്ട ചെടികളുടെ കരുത്ത് വീണ്ടെടുക്കാൻ 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തെളി ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നത് ഒരു പരിധി വരെ ഫലപ്രദമാണ്. 19:19:19 ഉപയോഗിച്ചുള്ള പത്ര പോഷണവും ചെടിയുടെ വളർച്ചയെ ത്വരിതപ്പെടുത്തും. |
| നെല്ല് | വളർച്ചാ ഘട്ടം | നെല്ലിൽ ബാക്റ്റീരിയൽ വാട്ടം നിയന്ത്രിക്കാൻ സ്ട്രെപ്റ്റോസൈക്ലിൻ 6 ഗ്രാം 120 ലിറ്റർ വെള്ളത്തിൽ ഒരേക്കർ സ്ഥലത്തു തളിക്കുക |
| തെങ്ങ് | വിളവെടുപ്പ് | തെങ്ങിന്റെ കൂമ്പ് ചീയൽ നിയന്ത്രിക്കാൻ രോഗം ബാധിച്ച ഭാഗം മുറിച്ചു മാറ്റി 10 ശതമാനം വീര്യമുള്ള ബോഡോ കുഴമ്പു തേച്ച് മഴ ഏൽക്കാതെ സംരക്ഷിക്കുക |
| റംബൂട്ടാൻ | വിളവെടുപ്പ് | റംബൂട്ടാൻ മരങ്ങളിൽ കായ് കായ് പൊഴിച്ചിൽ നിയന്ത്രിക്കാൻ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച തളിക്കുക |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയുടെ സിഗെട്ടോക്ക ഇലകരിച്ചിൽ നിയന്ത്രിക്കാൻ കരിഞ്ഞുണങ്ങിയ ഇലകൾ മുറിച്ചുമാറ്റി പ്രൊപ്പിക്കോനാസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയുടെ ബാക്റ്റീരിയൽ വട്ടത്തിനുപ്രതിരോധശേഷിയുള്ള സൂര്യ, ശ്വേത, ഹരിത, സങ്കര ഇനമായ നീലിമഎന്നിവ കൃഷി ചെയ്യാൻ ശ്രദ്ധിക്കുക |
| പയർ | വളർച്ചാ ഘട്ടം | **പയറിലെ ചുവടു വീക്കം- വാട്ടം നിയന്ത്രിക്കാൻ കോപ്പർ ഓക്സി ക്ലോറൈഡ് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിക്കുക.** |